# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3201 - 11/5/2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൾ ഹമീദ്.പി. | ശ്രീ. ടി. എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### നികുതി വരുമാനം പങ്കുവയ്ക്കുന്ന കേന്ദ്ര – സംസ്ഥാന നിരക്കിൽ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>നികുതി വരുമാനം പങ്കുവയ്ക്കുന്ന കേന്ദ്ര - സംസ്ഥാന നിരക്കിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ പുതിയ റേഷ്യോ എത്രയാണെന്ന് വ്യക്തമാക്കുമോ; | ഉണ്ട്. പതിനാലാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം മാറ്റി വയ്ക്കപ്പെട്ട (ഡിവിസിബിൾ പൂൾ) നികുതി വരുമാനത്തിന്റെ 42% സംസ്ഥാന സർക്കാരുകൾക്ക് പങ്കുവച്ച് നൽകും. ഇതിൽ കേരളത്തിന്റെ വിഹിതം സേവന നികുതിയുടെ കാര്യത്തിൽ 2.526 ശതമാനവും മറ്റ് നികുതികളുടെ കാര്യത്തിൽ 2.5 ശതമാനവുമാണ്. |
| (ബി)<br>പുതുക്കിയ നിരക്ക് പ്രകാരം സംസ്ഥാന വിഹിതത്തിൽ കുറവ് വരുമോ; | അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിങ്ങ് പാറ്റേണുകളിൽ ഗണ്യമായ മാറ്റം കൊണ്ടു വന്നു. ചില പദ്ധതികൾ ലയിപ്പിക്കുകയോ വേണ്ടെന്നു വയ്ക്കുകയോ ചെയ്തു. CSS – കളുടെ ഫണ്ടിങ്ങ് പാറ്റേണിൽ വന്ന മാറ്റം സംസ്ഥാനങ്ങളുടെ പദ്ധതി ബാദ്ധ്യത ഉയർത്തുന്നതാണ്. നികുതിവിഹിതത്തിന്റെ ശതമാനത്തിൽ കൊണ്ടു വന്ന മാറ്റം നല്കുന്ന മേന്മയെ ഇകഴ്ത്തുന്നതാണ് ഈ മാറ്റം. |
| (സി)<br>പ്രസ്തുത കുറവ് സംസ്ഥാന പദ്ധതി നിർവ്വഹണങ്ങളെ ബാധിക്കുമോ; എങ്കിൽ എങ്ങനെ; വ്യക്തമാക്കുമോ; | |
| (ഡി)<br>കേന്ദ്ര വിഹിതത്തിൽ നിന്നുള്ള കുറവ് മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എപ്രകാരമാണ് തരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ